# അക്കാദമിക  മാസ്റ്ററർ പ്ലാൻ

# 2025-2026

# അനിത വിദ്യാലയ ഹയർ സെക്കന്ററി

# താന്നിപ്പുഴ

സ്കൂൾ വിവരങ്ങൾ

**അനിത വിദ്യാലയ ഹയർ സെക്കന്ററി**

**താന്നിപ്പുഴ**

| | | |
|---|---|---|
| റവന്യൂ ജില്ല | - | എറണാകുളം |
| വിദ്യാഭ്യാസ ജില്ല | - | കോതമംഗലം |
| ഉപജില്ല | - | പെരുമ്പാവൂർ |
| വിലാസം | - | താന്നിപ്പുഴ |
| | - | ഒക്കൽ പി. ഒ |
| | | Pin code 683550 |
| | | എറണാകുളം ജില്ല |
| ഫോൺ | | 8078157176 |
| ഇമെയിൽ | - | anitavidyalaya@yahoo.in |
| സ്കൂൾ കോഡ് | - | 27010 |
| എച്ച് എസ് എസ് കോഡ് | - | 07126 |
| യുഡൈസ് കോഡ് | - | 32081100702 |
| സ്കൂൾ ഭരണ വിഭാഗം | - | അൺഎയ്ഡഡ് |
| ലോകസഭാമണ്ഡലം | - | ചാലക്കുടി |
| നിയമസഭാമണ്ഡലം | - | പെരുമ്പാവൂർ |
| താലൂക്ക് | - | കുന്നത്ത്നാട് |
| ബ്ലോക്ക് പഞ്ചായത്ത് | - | കൂവപ്പടി |
| ഗ്രാമപഞ്ചായത്ത് | - | ഒക്കൽ |
| മാദ്ധ്യമം | - | ഇംഗ്ലീഷ് |
| പഠന വിഭാഗങ്ങൾ | - | എൽ.പി,യു.പി,ഹൈസ്കൂൾ,<br>ഹയർസെക്കന്ററി |

# ആമുഖം

എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ താന്നിപ്പുഴ എന്ന സ്ഥലത്ത് നിലകൊള്ളുന്ന അനിത വിദ്യാലയ ഹയർസെക്കൻഡറി സ്കൂൾ താന്നിപ്പുഴ, പാഠ്യപാഠ്യേതര രംഗത്ത് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു.

കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിന് ആധുനിക രീതിയിലുള്ള സംവിധാനങ്ങളുടെ സഹായത്തോടെ വിദ്യ പകർന്നു നൽകാൻ മാനേജ്മെന്റ് സംവിധാനങ്ങൾ ഒരുക്കുന്നു. മികച്ച പഠന അന്തരീക്ഷവും അച്ചടക്കവും സ്കൂളിന്റെ എടുത്തു പറയേണ്ട പ്രത്യേകതകളാണ്.

വിവിധ കലാകായിക രംഗങ്ങളിൽ സ്കൂളിലെ വിദ്യാർത്ഥികൾ മികവ് പ്രകടിപ്പിക്കുന്നു. പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കായി ക്ലാസ് ടൈംടേബിളിൽ പ്രത്യേകം പീരിയഡുകൾ ക്രമീകരിച്ചു പോരുന്നു. ഒരു വർഷം മുഴുവൻ ഈ വിദ്യാലയത്തിൽ നടത്താൻ ആഗ്രഹിക്കുന്ന എല്ലാ പ്രവർത്തനങ്ങളും കുട്ടികൾ മുൻകൂട്ടി അറിയേണ്ടതിന് സ്കൂൾ ഡയറിയിൽ ചേർത്തിരിക്കുന്നു.

അക്കാദമിക രംഗത്ത് കുട്ടികളെ മികവുറ്റവരാക്കുന്നത് അധ്യാപകരുടെ ചിട്ടയായ പ്ലാനിങ്ങും മാതാപിതാക്കളുടെ നിരന്തരമായ സഹകരണവും കുട്ടികളുടെ കഠിനാധ്വാനവും ആണ്. പാഠ്യ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകമായ ക്ലാസുകളും പരിശീലനങ്ങളും അധ്യാപകർ നൽകുന്നുണ്ട്.

മാസംതോറുമുള്ള പരീക്ഷ, പിടിഎ യോഗങ്ങൾ തുടങ്ങിയവ കുട്ടികളെ വളരാൻ ഏറെ സഹായിക്കുന്നു. പഠന മാധ്യമം ഇംഗ്ലീഷ് ആയതിനാൽ കുട്ടികളെ ഇംഗ്ലീഷ് സംസാരിക്കാൻ കൂടുതൽ പ്രാവീണ്യമുള്ളവരാക്കാൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

വിവിധ പ്രശ്നങ്ങളെ ജീവിതത്തിൽ അഭിമുഖീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് വിവിധ മേഖലയിലുള്ള വിദഗ്ധരുടെ സഹായത്താൽ ബോധവൽക്കരണ ക്ലാസുകളും നൽകുന്നു. അങ്ങനെ നാളെയുടെ നല്ല പൗരന്മാർ ആക്കി തീർക്കാൻ, അച്ചടക്കവും ആത്മസംയമനവും സഹോദര സ്നേഹവും ഉള്ള നല്ല വ്യക്തിത്വങ്ങൾ ആക്കാൻ ഈ വിദ്യാലയംശ്രദ്ധിക്കുന്നു.

# ചരിത്രം

അനിത വിദ്യാലയ ഹയർ സെക്കന്ററി സ്കൂൾ 1975 ൽ  എറണാകുളം ജില്ലയിലെ കുന്നത്ത്നാട് താലൂക്കിൽ ഒക്കൽ പഞ്ചായത്തിലെ താന്നിപ്പുഴ എന്ന മനോഹരമായ സ്ഥലത്ത്  പെരിയാറിന്റെ തീരത്തായി എം സി റോഡിനരികെ സ്ഥിതിചെയ്യുന്നു.

എറണാകുളം ജില്ലയിലെ ഒരു പ്രശ്സത ഗ്രാമമാണ് താന്നിപ്പുഴ.കാലടിയിലൂടെ ഒഴുകുന്ന പെരിയാർ നദിയുടെ ഭാഗമായാണ് താന്നിപ്പുഴ അറിയപ്പെടുന്നത്. അദിശങ്കരന്റെ ബാല്യത്തിൽ പെരിയാറിൽ കുളിക്കാറുണ്ടായിരുന്നു. അമ്മയായ ആര്യാംബയുടെ പ്രാർത്ഥന പ്രകാരം പെരിയാർ തന്നെ വഴിമാറി തന്നിപ്പുഴയുടെ രൂപത്തിൽ കാലടിക്ക് സമീപം ഒഴുകി ത്തുടങ്ങിയെന്നാണ് പുരാണങ്ങൾ പറയുന്നത്. അതിനാൽ താന്നിപ്പുഴ ആദിശങ്കരന്റെ ജീവിതവുമായി ബന്ധപ്പെട്ട പരിശുദ്ധമായ സ്ഥലമായി കണക്കാക്കപ്പെടുന്നു.  കാലടിയിലെ അദ്വൈതാശ്രമവും, ശങ്കരജന്മഭൂമി ക്ഷേത്രങ്ങളും, താന്നിപ്പുഴ തീരവും തീർത്ഥാടകരെ ആകർഷിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ, താന്നിപ്പുഴയുടെ ചരിത്രം ആദിശങ്കരാചാര്യരുടെ ബാല്യകാലത്തിന്റെയും, അവരുടെ അമ്മയുടെ  പ്രാർത്ഥനയുടെയും കഥകളുമായി ചേർന്നതാണ്

ഫ്രഞ്ച് മിഷനറിയായ മോൺ. സ്റ്റീഫൻ ലൂയിസ് ഷാർബോണ എന്ന പാരീസ് മിഷനറിയുടെ നിസ്വാർത്ഥമായ ദൈവസ്നേഹത്തിന്റെ പൂർത്തീകരണമാണ് സിസ്റ്റേഴ്സ് ഓഫ് സെൻറ് ആൻ ബാംഗ്ലൂർ എന്ന  സന്യാസസഭയുടെ സ്ഥാപനം. 1975 ൽ ബാംഗ്ലൂർ ആസ്ഥാനമായ ഈ സന്യാസസഭയിലെ നാല് സിസ്റ്റേഴ്സ് താന്നിപ്പുഴയുടെ ഈ പുണ്യമണ്ണിലേക്ക് തങ്ങളുടെ സേവനം കാഴ്ചവെയ്ക്കുവാൻ സ്ഥാപക പിതാവിന്റെ തീഷ്ണതയോടെ എത്തി ചേർന്നു.

നഴ്സറി ക്ലാസുകളോടെ ആരംഭിച്ച ഈ വിദ്യാലയം കാലക്രമേണ എൽ.പി, യു.പി എച്ച്എസ്, ഹയർ സെക്കൻഡറി എന്നിങ്ങനെ  അപ്ഗ്രേഡ് ചെയ്യുകയും നല്ല രീതിയിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു

ഗവൺമെന്റ്  അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഈ വിദ്യാലയം അതിന്റെ സുവർണ്ണ ജൂബിലിയുടെ നിറവിലാണ് ഇപ്പോൾ. അനേകായിരങ്ങൾക്ക് അക്ഷരജ്ഞാനം നൽകി നാടിന്റെ യശസുയർത്തി അഭിമാനത്തോടെ 50 കളുടെ നിറവിൽ മുന്നേറുന്നു.

നഴ്സറി ക്ലാസുകളിൽ ആരംഭിച്ചു തുടങ്ങിയ ഈ വിദ്യാലയം കാലക്രമേണ എൽ പി യു പി എച്ച് എസ് ഹയർ സെക്കൻഡറി എന്നിങ്ങനെ വിവിധ അപ്ഗ്രേഡ് ചെയ്യുകയും നല്ല രീതിയിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു

കലാകായിക രംഗങ്ങളിലും അക്കാദമിക രംഗങ്ങളിലും മികവ് പുലർത്തുന്ന ഈ വിദ്യാലയം വളരെയധികം കലാ പ്രതിഭകളെയും റാങ്ക് ജേതാക്കളെയും സൃഷ്ടിച്ചു.

| ഇംഗ്ലീഷ് ഭാഷാപഠനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പഠനമാധ്യമം ഇംഗ്ലീഷ് ആയതുകൊണ്ട് ഇംഗ്ലീഷ് നന്നായി മനസ്സിലാക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | ഇംഗ്ലീഷിൽ തന്നെ ക്ലാസുകൾ എടുക്കുന്നു. ആഴ്ചയിൽ 3 ദിവസം സ്കൂൾ അസംബ്ലി എല്ലാ ക്ലാസുകാരെയും പങ്കെടുപ്പിച്ച് ഇംഗ്ലീഷ് ഭാഷയിൽ നടത്തുന്നു | എല്ലാ ക്ലാസ്സും | ഇംഗ്ലീഷ് അധ്യാപകർ | |
| | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ നടത്തുന്നു | ആഴ്ചയിൽ 2 ദിവസം | | |
| | സ്പെൽബി കോമ്പറ്റീഷൻ ഡിബേറ്റ് സെമിനാർ ക്വിസ് കോമ്പറ്റീഷൻസ് റീഡിങ് ടെസ്റ്റ് | എല്ലാമാസവും | | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം വായന പരിപോഷിപ്പിക്കൽ | സാമൂഹിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ചാർട്ട് നിർമ്മാണം | എല്ലാമാസവും | | |

## മലയാളഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അനായാസമായി മലയാളം എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം ഉറപ്പിക്കൽ ചിഹ്നം ഉറപ്പിക്കൽ പദനിർമ്മാണം വാക്യ നിർമ്മാണം ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്[ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നതിനുള്ള ആക്ടിവിറ്റി | ഒരു വർഷകാലം | മലയാള അധ്യാപകർ | |
| എല്ലാ കുട്ടികളെയും വായനക്കാരാക്കുക | സ്വതന്ത്ര ലൈബ്രറി ക്കായി ആഴ്ചയിൽ ഒരു പീരിയഡ് ഉപയോഗിക്കുന്നു | ആഴ്ചയിൽ 1 ദിവസം | | |
| പത്രവായന പരിപോഷിപ്പിക്കുക | ദിവസേന പത്രം വായിച്ച് കുറിപ്പ് തയ്യാറാക്കൽ | എല്ലാ ദിവസവും | | |

## ഹിന്ദി ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും ഹിന്ദി വായിക്കാനും എഴുതാനും മനസ്സിലാക്കാനും ഉള്ള കഴിവ് | ഹിന്ദിയിൽ തന്നെ ഹിന്ദി ക്ലാസുകൾ നടത്തുന്നു | എല്ലാ ദിവസവും | |
| | ഹിന്ദി റീഡിങ് ടെസ്റ്റ് നടത്തുന്നു | എല്ലാ മാസവും | |
| സർഗ്ഗശേഷി വർദ്ധിപ്പിക്കൽ | വായനാദിനത്തോടനുബന്ധിച്ച് ഹിന്ദി കവിതാ പാരായണം നടത്തി | ആഴ്ചയിൽ 1 ദിവസം | |
| | ആഴ്ചയിൽ 1 ദിവസം സ്കൂൾ അസംബ്ലി എല്ലാ ക്ലാസുകാരെയും പങ്കെടുപ്പിച്ച് ഹിന്ദി ഭാഷയിൽ നടത്തുന്നു | | |

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര അറിവുകൾ കണ്ടെത്തലുകൾ പ്രദർശനം | ബുള്ളറ്റിൻ ബോർഡ്<br>എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കുന്നു. | മാസത്തിലൊരിക്കൽ | സോഷ്യൽ സയൻസ് ക്ലബ്ബ് | |
| 2. ജനാധിപത്യ ഇലക്ഷൻ രീതി പരിചയപ്പെടുത്തുന്നു | സ്കൂൾ ഇലക്ഷൻ<br>പ്രചരണം മീറ്റി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ്, സത്യപ്രതിജ്ഞ എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിച്ചു. | വർഷത്തിലൊരിക്കൽ | സോഷ്യൽ സയൻസ് അധ്യാപകർ | |
| 3. സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | സാമൂഹ്യശാസ്ത്ര ലൈബ്രറി അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസ്സുകൾ തുടങ്ങിയവ ക്ലാസ്, ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ | ആഴ്ചയിൽ ഒരുതവണ | സോഷ്യൽ സയൻസ് അധ്യാപകർ | |

| | | | |
|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര പ്രാധാന്യമുള്ളസ്മാരകങ്ങൾ,മ്യൂസിയങ്ങൾ,ക്ഷേത്രങ്ങൾ എന്നിവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | <u>പഠനയാത്രകൾ</u><br>സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരിക്കൽ | സോഷ്യൽ സയൻസ് അധ്യാപകർ |
| പാഠ്യ വിഷയങ്ങളെക്കുറിച്ച് സംവാദം,സെമിനാർ | <u>സംവാദം,സെമിനാർ</u><br>പാഠ്യ വിഷയങ്ങളെ സമകാലികവുമായി ബന്ധപ്പെടുത്തി സംവാദം, സെമിനാർ | വർഷത്തിൽ രണ്ട് തവണ | സോഷ്യൽ സയൻസ് ക്ലബ്ബ് |
| പൊതുവിജ്ഞാനം വളർത്തുക | <u>ക്വിസ്</u><br>പാഠ്യപാഠ്യേതര വിഷയങ്ങളിൽ ഉള്ള അറിവ് പരിപോഷിപ്പിക്കുക | വർഷത്തിൽ രണ്ട് തവണ | സോഷ്യൽ സയൻസ് ക്ലബ്ബ് |

## ഗണിത പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനപ്രക്രിയകൾ ലളിതമാക്കൽ | സങ്കലനം വ്യവകലനം ഗുണനം ഹരണം എന്നിവ വഴി മനക്കണക്കുകളിലൂടെ ലളിതമായി പരിശീലിപ്പിക്കുന്നു. | എല്ലാ ദിവസവും | ഗണിത അധ്യാപകർ | |
| | ഗണിത പഠനം ലളിതമായി പരിശീലിപ്പിക്കാനുള്ള പഠന സാമഗ്രികൾ ഒരുക്കൽ | | ഗണിതക്ലബ്ബ് | |
| ഗണിത പഠനം രസപ്രദമാക്കാൻ | പസിലുകൾ അവതരിപ്പിക്കുന്നു | മാസത്തിലൊരിക്കൽ | | |
| | പാസ്കൽ ദിനവുമായി ബന്ധപ്പെട്ട് ചാർട്ട് നിർമ്മാണവും പ്രദർശനവും, ക്വിസ്, സ്കൂൾ ഗണിത മേള | | ഗണിത അധ്യാപകർ | |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു | എല്ലാ മാസവുംഎല്ലാ ദിവസവും | | |

## ശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം | എല്ലാ ദിവസവും | അധ്യാപകർ | |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം | സ്കൂൾതല എക്സിബിഷൻ മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തിൽ ഒരിക്കൽ | ശാസ്ത്രക്ലബ്ബ് | |
| ശാസ്ത്ര ലാബ് രൂപീകരണം | ഫിസിക്സ് കെമിസ്ട്രി ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ | വർഷത്തിൽ ഒരിക്കൽ | അധ്യാപകർ | |
| പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | സ്കൂൾ കെട്ടിടത്തിനു മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിന് ആവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ | വർഷത്തിൽ ഒരിക്കൽ | മാനേജ്മെന്റ് | |
| പഠന പിന്നോക്ക അവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ - കുട്ടി, കുട്ടി- കുട്ടി എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | എല്ലാ ദിവസവും | | |

## പരിസ്ഥിതി ദിനാചരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി ദിനാചരണം | പ്ലാസ്റ്റിക് നിരോധിത മേഖലയായി പ്രഖ്യാപിച്ചുവൃക്ഷ ത്തൈ നടൽ | എല്ലാ ദിവസവും | അധ്യാപകർ | |
| | ജൈവ അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കാൻ പ്രത്യേകം പ്രത്യേകം ബക്കറ്റുകൾ സജ്ജീകരിച്ചു | എല്ലാ ദിവസവും | അധ്യാപകർ | |
| വിത്തു വിതരണം | എംഎൽഎയുടെ നേതൃത്വത്തിൽ നടത്തിയ വിത്ത് വിതരണത്തിൽ പങ്കെടുത്തു. | | അധ്യാപകർ | |

പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തിപരിചയ പരിശീലനം | തൽപരരായ കുട്ടികൾക്ക് പേപ്പർബാഗ് നിർമ്മാണ പരിശീലനം നൽകി | ആഴ്ചയിൽ ഒരുതവണ | അധ്യാപകർ | |

കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാമികവ് ഉള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും നൃത്തത്തിലും മറ്റു കലാവാസനകളിലും കുട്ടികൾക്ക് പരിശീലനം നൽകുന്നു | ആഴ്ചയിൽ ഒരുതവണ | അധ്യാപകർ | |

കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് മികവിൽ എത്തിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ, വോളിബോൾ, തുടങ്ങിയ പരിശീലനം നൽകുന്നു | ആഴ്ചയിൽ രണ്ടുതവണ | കായികഅധ്യാപകർ | |

## പാഠ്യേതര വിഷയങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | | | | മാനേജ്മെൻറ് |
| പാഠ്യേതര പ്രവർത്തനങ്ങൾ | യോഗ, കരാട്ടെ, സ്കേറ്റിംഗ് , എന്നിവയിൽപരിശീലനം നൽകുന്നു. | ആഴ്ചയിൽ ഒരുതവണ | അധ്യാപകർ | |
| | വയലിൻ,കീബോർഡ്, തുടങ്ങിയവയും പരിശീലിപ്പിക്കുന്നു. | | അധ്യാപകർ | |
| | തൽപരരായ കുട്ടികളെ ജർമൻ ഭാഷ പഠിപ്പിക്കുന്നു. | | | |
| | എല്ലാ കുട്ടികളും ഏതെങ്കിലും ഒരു ഐറ്റത്തിൽ പരിശീലനം നേടുന്നു. | | അധ്യാപകർ | |

## ഹൈടെക് ക്ളാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ളാസുകൾ ഹൈടെക് ആക്കൽ | ഐ ടി ഉപയോഗിച്ചുള്ള പഠന പ്രവർത്തനങ്ങൾ | | അധ്യാപകർ | മാനേജ്മെൻറ് |
| | ക്ലാസ് മുറികളിൽ എഐ എനേബിൾഡ് ബോർഡ് സ്ഥാപിച്ചു | | | |

## പിടിഎ

സ്കൂളിൻറെ  പഠനകായികരംഗത്ത് സ്കൂൾ പിടിഎ പൂർണമായും പിന്തുണ നൽകി പോരുന്നു.

മാതാപിതാക്കൾക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പല അവസരങ്ങളിലായി ബോധവൽക്കരണ ക്ലാസ് പിടിഎയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാ രണ്ടു മാസത്തിലൊരിക്കൽ പിടിഎ എക്സിക്യൂട്ടീവ് അംഗങ്ങൾ ഒരുമിച്ച് കൂടുകയും അത്യാവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

വിവിധ തലങ്ങളിൽ മികവ് പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ പിടിഎയുടെ നേതൃത്വത്തിൽ അനുമോദനങ്ങൾ നൽകാറുണ്ട്

## നേട്ടങ്ങൾ

അക്കാദമിക മികവ് പുലർത്തുന്ന ഈ വിദ്യാലയം എസ്എസ്എൽസി പരീക്ഷയിൽ ഉന്നത വിജയം  നേടുന്നു. കൂടാതെ എൽഎസ്എസ് യു എസ് എസ് സ്കോളർഷിപ്പ് പരീക്ഷകളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും വിജയം നേടുകയും ചെയ്തു.കലാകായിക ശാസ്ത്രമേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും  വിജയം കൈവരിക്കുകയും ചെയ്യുന്നു

## പരിമിതികൾ

ഗവൺമെന്റിന്റെ സാമ്പത്തിക സഹായം ഈ വിദ്യാലയത്തിന് ലഭിക്കുന്നില്ല. ഗവൺമെന്റിന്റെ പല പദ്ധതികളും അറിയാതെ പോകുന്നു ബാഹ്യ ഇടപെടൽ പലപ്പോഴും  സ്കൂളിൻറെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നു